## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1254 04.12.2014-ൽ മറുപടി

## മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.സാജുപോൾ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ എന്നാണ് നിലവിൽ വന്നത് എന്നറിയിക്കാമോ; | 14.06.2010-ലാണ് മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ നിലവിൽ വന്നത് |
| (ബി) | പ്രസ്തുത ട്രിബ്യൂണൽ നാളിതുവരെ എത്ര കേസുകളാണ് പരിഗണിച്ചത്; | 741 കേസുകൾ നാളിതുവരെ ട്രൈബ്യൂണൽ പരിഗണിച്ചിട്ടുണ്ട്. |
| (സി) | ട്രിബ്യൂണൽ രൂപീകരിക്കുമ്പോൾ സംസ്ഥാനത്ത് മൂന്നാർ കൈയ്യേറ്റം സംബന്ധിച്ച എത്ര കേസുകളാണ് നിലവിലുണ്ടായിരുന്നത്; | 627 കേസുകളാണ് ട്രൈബ്യൂണൽ രൂപീകരിക്കുമ്പോൾ സംസ്ഥാനത്ത് മൂന്നാർ കൈയ്യേറ്റം സംബന്ധിച്ച് നിലവിലുണ്ടായിരുന്നത് |
| (ഡി) | പ്രസ്തുത കേസുകൾ മുഴുവനും ട്രിബ്യൂണലിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; | നോട്ടിഫൈ ചെയ്തിട്ടുള്ള 8 വില്ലേജുകളെ സംബന്ധിച്ച് വിവിധ കോടതികളിൽ നിന്നും റഫർ ചെയ്തുവരുന്നതും, കൈമാറ്റം ചെയ്തുകൊണ്ടിരിക്കുന്നതുമായ ഭൂമി സംബന്ധിച്ചുള്ള കേസുകളാണ് ട്രൈബ്യൂണൽ പരിഗണിച്ച് വരുന്നത്. |
| (ഇ) | ട്രിബ്യൂണലിന്റെ പ്രവർത്തനം എത്രത്തോളം തൃപ്തികരമെന്ന് വിശദമാക്കുമോ കേസുകൾ ട്രിബ്യൂണലിന് കൈമാറുന്നതിൽ വിമുഖത കാണിക്കുന്നതിന്റെ കാരണം വിശദമാക്കാമോ? | നിലവിലുള്ള സാഹചര്യത്തിൽ ലഭ്യമായ കേസുകളുടെ നടത്തിപ്പ് തൃപ്തികരമായി മുന്നോട്ട് പോകുന്നുണ്ട്. കേസുകൾ ട്രൈബ്യൂണലിന് കൈമാറുന്നതിൽ വിമുഖതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

C.K.V.Kumar
സെക്ഷൻ ഓഫീസർ